പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 350 07.01.2014-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ മേഖലയിൽ വൈദ്യുതി മുടക്കം വരുന്നതായി പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ആറ്റിങ്ങൽ മേഖലയിൽ കെ. എസ്. ഇ. ബിയുടെ വിവിധ സെക്ഷനുകളിൽ മാസംതോറും തുടർച്ചയായി രണ്ടും മൂന്നും ദിവസങ്ങൾ അറ്റകുറ്റപ്പണികൾ നടത്താനെന്ന പേരിൽ വൈദ്യുതി മുടക്കം വരുത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) തുടർച്ചയായി വൈദ്യുതി മുടക്കം വരുത്തി എന്തൊക്കെ അറ്റകുറ്റപ്പണികളാണ് ഇവിടെ നടത്തുന്നത് ; വ്യക്തമാക്കാമോ ; | (ബി) റോഡ് സൈഡിൽ നിന്ന പോസ്റ്റുകളിൽ (ITI ജംഗ്ഷൻ, V.V ക്ളിനിക്, PWD rest house, ഗേൾസ് ഹൈസ്ക്കൂൾ ജംഗ്ഷൻ) വാഹനങ്ങൾ ഇടിച്ചതുമൂലം പോസ്റ്റുകൾ മാറ്റേണ്ടി വന്നതിനാൽ ചില ദിവസങ്ങളിൽ വൈദ്യുതി മുടങ്ങിയിട്ടുണ്ട്. കൂടാതെ കടയ്ക്കാവൂർ ടൗണിൽ എച്ച്. റ്റി ലൈനുകൾ ഇൻറർ ലിങ്ക് ചെയ്യുന്നതിന് എൽ. റ്റി ലൈൻ ഉള്ള ഇടങ്ങളിൽകൂടി പുതുതായി എച്ച്. റ്റി ലൈൻ നിർമ്മിക്കുന്നതിനാൽ 3 ദിവസങ്ങളിൽ വൈദ്യുതി മുടങ്ങിയിട്ടുണ്ട്. ആലങ്കോട് ഭാഗത്ത് പുതിയ ഡി. പി സ്ഥാപിച്ച് AB switch സ്ഥാപിക്കുന്ന പ്രവൃത്തി നടന്നിരുന്നു. കൂടാതെ HT/LT ലൈനുകളിൽ മരച്ചില്ലകളും തെങ്ങോലകളും നീക്കം ചെയ്യുന്ന പ്രവൃത്തിയും പഴകിയ അലൂമിനിയം/കോപ്പർ കമ്പികൾ മാറ്റുന്ന പ്രവൃത്തികളും നടന്നുവരുന്നു. ഇക്കാരണങ്ങളാലാണ് വൈദ്യുതി മുടങ്ങുന്നത്. പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി മുടങ്ങുമെന്നുള്ള വിവരം പത്രങ്ങളിൽകൂടി മുൻകൂട്ടി നൽകിയിരുന്നു. |
| (സി) ഇത് ഉപഭോക്താക്കളെ ബുദ്ധി മുട്ടിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തുടർച്ചയായി വൈദ്യുതി മുടക്കം വരാതിരിക്കാൻ നടപടി സ്വീകരിക്കാമോ ? | (സി) ഉണ്ട്. മികച്ച വൈദ്യുതി സംവിധാനം ഒരുക്കുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനും വേണ്ടിയാണ് ഇത്തരം അറ്റകുറ്റപണികളും ലൈൻ നിർമ്മിക്കുന്ന പ്രവൃത്തികളും നടത്തുന്നത്. ഇത്തരം ജോലികൾ ചെയ്യുമ്പോൾ ലൈൻ ഓഫ് ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനായി മുൻകൂട്ടി തീരുമാനിച്ച് നടത്തപ്പെടുന്ന അറ്റകുറ്റപണികൾക്കും ലൈൻ നിർമ്മാണത്തിനുമായി സപ്ളൈ ഓഫ് ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ പ്രസ്തുത വിവരം പത്രമാദ്ധ്യമങ്ങളിലൂടെ മുൻകൂട്ടി അറിയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.